(ഡി) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ അധീനത യിലുള്ള ബ്ലോക്ക് നമ്പർ 15-ൽ റീ സർവ്വേ 588/3-ൽ 01.64.20 ഹെക്ടർ പുറംപോക്കിൽപ്പെട്ട പുത്തൻകുളം എന്ന സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കോളേജ്-യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് അനുവദിച്ച യു.ജി.സി.സ്കെയിൽ

92 (2099) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ജനുവരി 1-ാം തീയതി മുതൽ വന്ന പുതുക്കിയ നിരക്കി ലുള്ള യു.ജി.സി. ശമ്പള സ്കെയിൽ സംസ്ഥാനത്തെ കോളേജ്-യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) യു.ജി.സി. യും കേന്ദ്ര സർക്കാരും അംഗീകരിച്ച ഉത്തരവിന് എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ ;

(സി) ഇപ്രകാരം വരുത്തിയ മാറ്റങ്ങൾ പ്രകാരം അദ്ധ്യാപകർക്ക് ശമ്പള സ്കെയിലിലോ ഇൻക്രിമെന്റിലോ ആനുകൂല്യങ്ങളിലോ കുറവ് വന്നിട്ടുണ്ടോ ;

(ഡി) 2006 ജനുവരി 1-ാം തീയതി മുതൽക്കുള്ള ശമ്പളകുടിശ്ശിക നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്ത് 2006 ജനുവരി 1 മുതൽ പുതുക്കിയ യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ യു.ജി.സി. ധനസഹായമായി എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) അദ്ധ്യാപകർക്ക് ശമ്പള കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുക യു.ജി.സി. യിൽ നിന്നോ കേന്ദ്ര സർക്കാരിൽനിന്നോ ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-3-2010-ന്.

(ബി) യു.ജി.സി.യും കേന്ദ്ര സർക്കാരും അംഗീകരിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് പുതുക്കിയ ശമ്പളസ്കെയിൽ നടപ്പാക്കിയത്. എന്നാൽ വിരമിക്കൽ പ്രായം കേന്ദ്ര സർക്കാർ നൽകിയ ശുപാർശ

LIBRARY ARCHIVES Kerala Legislative Assembly

കളിൽ നിന്നും വ്യത്യസ്തമായി 55/60 ആയി യഥാക്രമം കോളേജിലും സർവ്വകലാശാലകളിലും നിലനിർത്തിയിട്ടുണ്ട്.

(സി) സർവ്വീസ് ദൈർഘ്യം കുറയുന്നതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതാണ്.

(ഡി) 2006 ജനുവരി 1 മുതൽ നൽകാനുള്ള കുടിശ്ശിക കേന്ദ്ര വിഹിതം കിട്ടുന്ന മുറയ്ക്ക് നൽകുന്നതാണെന്ന് പുതിയ സ്കെയിൽ നടപ്പാക്കിയിട്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) പുതുക്കിയ യു.ജി.സി. പദ്ധതി നടപ്പാക്കുന്നതിന് ഇതുവരെ കേന്ദ്ര സഹായം ലഭ്യമായിട്ടില്ല.

(എഫ്) കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

എം. ബി.എ. കോഴ്സുകളുടെ വിശദാംശം

93 (2100) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്വകാര്യ എയിഡഡ് സ്വാശ്രയമേഖലകളിലായി ഏതെല്ലാം സ്ഥലങ്ങളിൽ കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എം.ബി.എ. കോഴ്സുകൾ ഉള്ള കോളേജുകൾ ഉണ്ട് ; ഇവ ഏതെല്ലാം ; ഓരോ കോളേജിലും എത്ര എം.ബി.എ. സീറ്റുകൾ ഉണ്ട് ; ഈ കോളേജുകളിൽ എം.ബി.എ. യ്ക്ക് എത്ര സ്പോർട്ട്സ് കോട്ട സീറ്റുകൾ ഉണ്ട് ; ഓരോ കോളേജിന്റെയും പേരു സഹിതം പൂർണ്ണവിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കോളേജുകളിൽ 2011-12 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനം തുടങ്ങാൻ സമയമായോ ; എം.ബി.എ. പ്രവേശനത്തിന്റെ മാനദണ്ഡ മെന്താണ് ; വിവിധ കോളേജുകളിൽ വിവിധ തരത്തിലാണോ പ്രവേശന മാനദണ്ഡം ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മേൽപ്പറഞ്ഞ കോളേജുകളിൽ സ്പോർട്ട്സ്/ഗെയിംസിൽ പ്രാവീണ്യം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഒരു നിശ്ചിത ശതമാനം സ്പോർട്ട്സ് കോട്ടാ പ്രവേശനം കൊടുക്കണമെന്ന് യൂണിവേഴ്സിറ്റിയുടെ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; ഇവിടെ സ്പോർട്ട്സ് കോട്ടാ എത്ര ശതമാനമാണ് ;

LIBRARY ARCHIVES Kerala Legislative Assembly